വസ്തുക്കൾചേർത്ത ഭക്ഷണപാദർത്ഥങ്ങൾ, ലഹരിവസ്തുക്കളായ ഗുഡ്കാ പാൻമസാല എന്നിവയെക്കുറിച്ചുള്ള ദൃശ്യവശങ്ങളെപ്പറ്റി ഫുഡ്സേഫ്റ്റി ഓഫീസറുടെ നേതൃത്വത്തിൽ പരിശീലനം നൽകുന്നതാണ്. ഇങ്ങനെ പരിശീലിപ്പിച്ച കുട്ടികൾ അതായു സ്കൂളുകളിലെ മറ്റു കുട്ടികൾക്ക് ഒരു ഫുഡ്സേഫ്റ്റി ഓഫീസറുടെ സാന്നിദ്ധ്യത്തിൽ പരിശീലനം നൽകുന്നതാണ്. ഇതിനാവശ്യമായ ലഘുലേഖകൾ, സീഡികൾ മറ്റു പരിശീലന സാമഗ്രഹികൾ എന്നിവ ഭക്ഷ്യസുരക്ഷാവകുപ്പ് നൽകുന്നതാണ്. ഇതിനകംതന്നെ എല്ലാ ജില്ലകളിലും ഭക്ഷ്യസുരക്ഷാവകുപ്പ് പരിശീലനം നൽകി കഴിഞ്ഞു. സുരക്ഷിത ഭക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി വിദ്യാർത്ഥികളെ ബോധവല്കരിക്കുന്നതിനുവേണ്ടി, ഉപന്യാസമത്സരങ്ങൾ, പ്രശ്നോത്തരി എന്നിവ നടത്തിയിട്ടുണ്ട്. വിദ്യാഭ്യാസവകുപ്പിന്റെ സഹായത്തോടുകൂടി എല്ലാ സ്കൂളുകളിലും ആഴ്ചയിൽ ഒരു ദിവസം ഫുഡ്സേഫ്റ്റി അസംബ്ലി നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം ഈ പദ്ധതി സർക്കാരിതര സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

(ബി) നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ബുദ്ധിമാന്ദ്യവും ഓട്ടിസവും ഉള്ള കുട്ടികൾക്കുവേണ്ടിയുള്ള ക്ലിനിക്കുകൾ

28 (*238) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബുദ്ധിമാന്ദ്യവും ഓട്ടിസവും ഉൾപ്പെടെയുള്ള രോഗങ്ങളുള്ള കുട്ടികൾക്കു വേണ്ടി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം ; എവിടെയെല്ലാം ;

(ബി) പ്രസ്തുത ക്ലിനിക്കുകളിൽകൂടി എന്തെല്ലാം സേവനങ്ങളാണ് ഇത്തരം കുട്ടികൾക്ക് നൽകിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ക്ലിനിക്കുകളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) മലപ്പുറം ജില്ലയിലെ ഇടവണ്ണ, ഇടപ്പാൾ, മലപ്പുറം, കോട്ടയ്ക്കൽ എന്നീ ആരോഗ്യ കേന്ദ്രങ്ങളിൽ പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട് ഓട്ടിസം ക്ലിനിക്കുകൾ ആഴ്ചയിൽ രണ്ടുദിവസം നടത്തിവരുന്നുണ്ട്. ജില്ലാ പഞ്ചായത്താണ് ഫണ്ടുകൾ നൽകുന്നത്. കൊല്ലം ഗവൺമെന്റ് വിക്ടോറിയ ആശുപത്രിയിലും ഓട്ടിസം ക്ലിനിക്ക് നടത്തിവരുന്നുണ്ട്. (ഞായർ ഒഴികെയുള്ള ദിവസങ്ങളിൽ)

(ബി) ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, പഠനവൈകല്യങ്ങൾ കണ്ടെത്തി അതിനുള്ള ചികിത്സ, വേണമെങ്കിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ ചൈൽഡ് ഡെവലപ്പ്മെന്റ് സർവ്വീസുമായി ബന്ധപ്പെട്ടുള്ള ചികിത്സാ രീതികൾ നൽകിവരുന്നു. ചൈൽഡ് ഡെവലപ്പ്മെന്റ് സർവ്വീസ് കോഴിക്കോട് നിന്നും അസുഖം, ബുദ്ധിവൈകല്യം എന്നിവ കണ്ടെത്തി കുട്ടികൾക്കുള്ള തുടർ ചികിത്സയും നൽകി വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഇ-ഹെൽത്ത്

29 (*239) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-ഹെൽത്ത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചുവോ ; ഇല്ലെങ്കിൽ എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇത് കേന്ദ്രാവിഷ്കൃത പദ്ധതിയാണോ ; പദ്ധതി സംസ്ഥാനത്തിന് എന്തെങ്കിലും സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുമോ ;

(ഡി) പദ്ധതിയിൻ കീഴിൽ എത്ര ജീവനക്കാർ ജോലിചെയ്യുന്നു ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly